# ത്രിസന്ധ്യാജപം

**കുരിശടയാളം:** വിശുദ്ധ കുരിശിന്റെ അടയാളത്താൽ ഞങ്ങളുടെ ശത്രുക്കളിൽനിന്ന് ഞങ്ങളെ രക്ഷിക്കണമേ. ഞങ്ങളുടെ തമ്പുരാനേ, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമ്മേൻ.

## *സാധാരണ ദിവസങ്ങളിൽ*

*(പരിശുദ്ധ ത്രീത്വത്തിന്റെ തിരുന്നാൾ മുതൽ വലിയ ബുധൻ വരെ)*

കർത്താവിന്റെ മാലാഖാ പരിശുദ്ധ മറിയത്തോട് വചിച്ചു. പരിശുദ്ധാത്മാവിനാൽ മറിയം ഗർഭം ധരിച്ചു.

നന്മനിറഞ്ഞ മറിയമേ ...

ഇതാ കർത്താവിന്റെ ദാസി, നിന്റെ വചനം പോലെ എന്നിലാകട്ടെ.

നന്മനിറഞ്ഞ മറിയമേ ...

വചനം മാംസമായി, നമ്മുടെ ഇടയിൽ വസിച്ചു

നന്മനിറഞ്ഞ മറിയമേ ...

ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്ക് ഞങ്ങൾ യോഗ്യരാകുവാൻ.

സർവ്വേശ്വരന്റെ പരിശുദ്ധ മാതാവേ, ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കേണമെ.

പ്രാർത്ഥിക്കാം: ***(എല്ലാവരും)*** സർവ്വേശ്വരാ, മാലാഖായുടെ സന്ദേശത്താൽ / അങ്ങയുടെ പുത്രനായ ഈശോമിശിഹായുടെ / മനുഷ്യാവതാര വാർത്ത അറിഞ്ഞിരിക്കുന്ന ഞങ്ങൾ / അവിടുത്തെ പീഢാനുഭവവും കുരിശുമരണവും മുഖേന / ഉയിർപ്പിന്റെ മഹിമ പ്രാപിക്കാൻ അനുഗ്രഹിക്കണമേയെന്ന് / ഞങ്ങളുടെ കർത്താവായ ഈശോമിശിഹാവഴി / അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ആദിയിലേപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

***(മൂന്നു പ്രാവശ്യം)***

ഈശോയുടെ എത്രയും പരിശുദ്ധ തിരുഹൃദയമേ!

അങ്ങയിൽ ഞാൻ ശരണപ്പെടുന്നു.

***(മൂന്നു പ്രാവശ്യം)***

## *വിശുദ്ധവാര ത്രിസന്ധ്യാജപം*

*(വലിയബുധൻ മുതൽ ഉയിർപ്പുഞായർവരെ)*

മിശിഹാ നമുക്കുവേണ്ടി മരണത്തോളം കീഴ്‌വഴങ്ങി; അതെ അവിടുന്ന് കുരിശുമരണത്തോളം കീഴ്‌വഴങ്ങി; അതിനാൽ സർവ്വേശ്വരൻ അവിടുത്തെ ഉയർത്തി. എല്ലാ നാമത്തേയുംകാൾ ഉന്നതമായ നാമം അവിടുത്തേയ്ക്കു നല്കി.

**പ്രാർത്ഥിക്കാം:** ***(എല്ലാവരും)*** സർവ്വേശ്വരാ, ഞങ്ങളുടെ കർത്താവായ ഈശോമിശിഹാ / മർദ്ദകരുടെ കൈകളിൽ ഏൽപ്പിക്കപ്പെട്ട് / കുരിശിലെ പീഡകൾ സഹിച്ച രക്ഷിച്ച / ഞങ്ങളെ തൃക്കൺപാർക്കണമെയെന്ന്/ എന്നേയ്ക്കും ജീവിച്ച വാഴുന്ന ഞങ്ങളുടെ കർത്താവീശോമിശിഹാ വഴി / അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
ആദിയിലേപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

***(മൂന്നു പ്രാവശ്യം)***

ഈശോയുടെ എത്രയും പരിശുദ്ധ തിരുഹൃദയമേ!
അങ്ങേയിൽ ഞാൻ ശരണപ്പെടുന്നു. ***(മൂന്നു പ്രാവശ്യം)***

## *പെസഹാക്കാല ത്രിസന്ധ്യാജപം*

*(ഉയിർപ്പുതിരുനാൾ മുതൽ പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾവരെ)*

സ്വർല്ലോക രാജ്ഞീ ആനന്ദിച്ചാലും.
ഹല്ലേലൂയ്യാ!

എന്തെന്നാൽ ഭാഗ്യവതിയായ അങ്ങയുടെ തിരുവുദരത്തിൽ അവതരിച്ചയാൾ.
ഹല്ലേലൂയ്യാ!

അരുളിച്ചെയ്തതുപോലെ ഉയിർത്തെഴുന്നേറ്റു.
ഹല്ലേലൂയ്യാ!

ഞങ്ങൾക്കുവേണ്ടി സർവ്വേശ്വരനോടു പ്രാർത്ഥിക്കണമെ.
ഹല്ലേലൂയ്യാ!

കന്യകാമറിയമേ, ആമോദിച്ചാനന്ദിച്ചാലും.
ഹല്ലേലൂയ്യാ!

എന്തെന്നാൽ കർത്താവ് സത്യമായി ഉയിർത്തെഴുന്നേറ്റു.
ഹല്ലേലൂയ്യാ!

പ്രാർത്ഥിക്കാം: ***(എല്ലാവരും)*** സർവ്വേശ്വരാ, അങ്ങയുടെ പുത്രനും ഞങ്ങളുടെ കർത്താവുമായ / ഈശോമിശിഹായുടെ ഉത്ഥാനത്താൽ / ലോകത്തെ ആനന്ദിപ്പിക്കുവാൻ / അങ്ങു തിരുമനസ്സായല്ലോ. അവിടുത്തെ മാതാവായ കന്യകാമറിയം മുഖേന / ഞങ്ങൾ നിത്യാനന്ദം പ്രാപിക്കുവാൻ / അനുഗ്രഹം നല്കണമേയെന്ന് / അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
ആദിയിലേപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

*(മൂന്നു പ്രാവശ്യം)*

ഈശോയുടെ എത്രയും പരിശുദ്ധ തിരുഹൃദയമേ!
അങ്ങയിൽ ഞാൻ ശരണപ്പെടുന്നു.

*(മൂന്നു പ്രാവശ്യം)*

---

**മ**